(ബി) ഇതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ഇല്ല.

ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിൽ ഓർത്തോ വിഭാഗം ആരംഭിക്കുവാൻ നടപടി

13 (2422) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിൽ ഓർത്തോവിഭാഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിൽ ഓർത്തോപീഡിക്സ് വിഭാഗം തുടങ്ങാൻ ഇപ്പോൾ നിർദ്ദേശങ്ങളൊന്നുമില്ല. എന്നാൽ എല്ലാ ജില്ലാ ആശുപത്രികളിലും ഓർത്തോപീഡിക്സ് വിഭാഗം തുടങ്ങിയതിനുശേഷം താലൂക്കാശുപത്രികളിൽ സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി തുടങ്ങാൻ നടപടികൾ എടുക്കാവുന്നതാണ്.

അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

14 (2424) ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിൽ എത്ര അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ഓരോ ജില്ലകളിലേയും ഒഴിവുകൾ എത്ര വീതമാണ്;

(സി) ഈ ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) നിലവിലുള്ള ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകാൻ സാദ്ധ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാല്പത്തിയഞ്ച് ഒഴിവുകൾ (45).

(ബി) ആലപ്പുഴ, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ അഞ്ചുവീതവും, പത്തനംതിട്ട, കോട്ടയം എന്നിവിടങ്ങളിൽ രണ്ടു വീതവും, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ഏഴു വീതവും, പാലക്കാട് ഒമ്പതും, കാസർക്കോട് മൂന്നും അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളാണുള്ളത്. മറ്റു ജില്ലകളിൽ ഒഴിവുകൾ ഇല്ല.

(സി) ഇ.എസ്.ഐ. യിൽ നിന്നും ആരോഗ്യ വകുപ്പിലേയ്ക്ക് ഓപ്ഷൻ വാങ്ങിവരുന്ന അസിസ്റ്റന്റ് സർജൻമാർ, ഉപരിപഠനം പൂർത്തിയാക്കിയശേഷം അവധികഴിഞ്ഞ് ഇനി ഒരു

LIBRARY ARCHIVES Kerala Legislative Assembly

മാസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റ് സർജൻമാർ എന്നിവർക്ക് നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകേണ്ടതുകൊണ്ട് ടി ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതിനകം തന്നെ 499 പേർക്ക് നിയമനം നൽകിക്കഴിഞ്ഞു. അടുത്ത രണ്ടുവർഷത്തിനുള്ളിൽ 500 (അഞ്ഞൂറ്)പേർക്കുകൂടി നിയമനം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർകോഡ് ഗസ്റ്റ് ഹൗസ്

15 (2428) ശ്രീ. സി.റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാസർകോഡ് ഒരു ഗസ്റ്റ്ഹൗസ് പണിയുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ അതിന്റെ പണി തുടങ്ങുവാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിയുന്നത്ര വേഗം പണി തുടങ്ങുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

കുഷ്ഠരോഗികൾ

16 (2429) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉള്ള എത്ര കുഷ്ഠരോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്;

(ബി) ഏറ്റവുമധികം കുഷ്ഠരോഗികളുള്ള ജില്ലകൾ ഏതെല്ലാമാണ്;

(സി) സാംക്രമികസാദ്ധ്യതയുള്ള ജില്ലകൾ ഏതെല്ലാമാണ്;

(ഡി) ഈ രോഗം നിയന്ത്രണാധീനമാക്കാൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഇ) തമിഴ്നാട്ടിൽ നിന്ന് ധാരാളം രോഗികൾ സംസ്ഥാനത്തേക്ക് വരുന്നതു തടയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 72,000 രോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്.

(ബി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, കാസർകോട്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ.

(സി) മേൽപ്പറഞ്ഞ ജില്ലകളിലെല്ലാംതന്നെ സാംക്രമിക സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly